**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2916** **13-12-2022 - ല്‍ മറുപടിയ്ക്ക്**

**ലൈബ്രേറിയന്‍മാരുടെ വേതനം വര്‍ദ്ധിപ്പിക്കാന്‍ നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ഡോ. ആര്‍ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കേരള സ്റ്റേറ്റ് ലൈബ്രറി കൗണ്‍സിലിന് കീഴില്‍ സേവനമനുഷ്ഠിക്കുന്ന ലൈബ്രേറിയന്‍മാരുടെ ദിവസ വേതനം എത്ര രൂപയാണെന്ന് വിശദമാക്കുമോ; | (എ) | കേരള സ്റ്റേറ്റ് ലൈബ്രറി കൗണ്‍സിലിന് കീഴില്‍ സേവനമനുഷ്ഠിക്കുന്ന ലൈബ്രേറിയന്‍മാര്‍ക്ക് ലൈബ്രറികളുടെ ഗ്രേഡിന്റെ അടിസ്ഥാനത്തില്‍ താഴെ പറയും പ്രകാരം പ്രതിമാസ അലവന്‍സാണ് അനുവദിക്കുന്നത്.<br>എ+ ഗ്രേഡ് ലൈബ്രറികള്‍ - 4720/- രൂപ<br>എ, ബി, സി, ഗ്രേഡ് ലൈബ്രറികള്‍ - 4120/- രൂപ<br>ഡി, ഇ, എഫ് ഗ്രേഡ് ലൈബ്രറികള്‍ - 3820/- രൂപ |
| (ബി) | പ്രസ്തുത വേതനം കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും വര്‍ദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) | 2021-22 സാമ്പത്തിക വര്‍ഷം 1000/- രൂപ വീതം പ്രതിമാസ അലവന്‍സില്‍ വര്‍ദ്ധനവ് വരുത്തിയിട്ടുണ്ട്. കൂടുതല്‍ വര്‍ദ്ധനവ് വരുത്തുന്ന വിഷയം ഇപ്പോള്‍ പരിഗണനയിലില്ല. |

സെക്ഷന്‍ ഓഫീസര്‍